# സർവ്വകലാശാലയിൽ വിവരാവകാശ അപേക്ഷ സമർപ്പിക്കേണ്ടവിധം.

- ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ അപേക്ഷ സമർപ്പിക്കാം.
- അപേക്ഷകന്റെ പൂർണ്ണമായ പേര്, മേൽവിലാസം , ഒപ്പ് എന്നിവ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- വിവരങ്ങൾ ലഭിക്കുന്നതിന് 10 രൂപയുടെ ഫീസോടു കൂടി അപേക്ഷ സമർപ്പിക്കണം. വിവരാവകാശ അപേക്ഷക്കുള്ളതും, രേഖകളുടെ പകർപ്പ് ലഭിക്കുന്നതിനായും താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും രീതിയിൽ ഫീ അടക്കാവുന്നതാണ്. സർവ്വകലാശാലയുടെ പേ-ഇൻ സ്ലിപ്പ്, സർവ്വകലാശാല രജിസ്ട്രാറുടെ പേരിലെടുത്ത സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെറുതുരുത്തി ശാഖയിൽ മാറാവുന്ന ഡി.ഡി., ബാങ്കേഴ്സ് ചെക്ക്, പേ-ഓർഡർ എന്നിവയിൽ ഏതെങ്കിലും ഒന്ന്. കോർട്ട് ഫീ സ്റ്റാമ്പ്, ട്രഷറി ചലാൻ എന്നിവ സ്വീകരിക്കുന്നതല്ല.
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗക്കാർക്ക് അത് തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കുന്ന പക്ഷം ഫീസിൽ ഇളവ് നൽകുന്നതാണ്.
- ഏതെങ്കിലും സ്ഥാപനത്തിന്റെ പേരിൽ അപേക്ഷ നൽകാൻ സാധിക്കുകയില്ല.
- വിവരം എന്താവശ്യത്തിനാണെന്ന് അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതില്ല.
- ആവശ്യമുള്ള രേഖകളുടെ/വിവരത്തിന്റെ കൃത്യമായ വിവരണവും, സൂചനയും അപേക്ഷയിൽ ഉൾപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.
- വിവരാവകാശനിയമത്തിന്റെ പരിധിയിൽ വരുന്ന ചോദ്യങ്ങൾ ചോദിക്കാവുന്നതും പകർപ്പുകൾ ആവശ്യപ്പെടാവുന്നതുമാണ്.
- അപേക്ഷ, നേരിട്ടോ/തപാൽ മുഖേനയോ/ഇ-മെയിൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്.

സർവ്വകലാശാലയിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും അപ്പലേറ്റ് അതോറിറ്റിയുടെയും വിവരങ്ങൾ മുകളിൽ നൽകിയിട്ടുണ്ട്

അപേക്ഷ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല,
വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശൂർ ജില്ല, പിൻ - 679531
എന്ന മേൽവിലാസത്തിൽ നൽകാവുന്നതാണ്.

## ഫീസ് അടയ്ക്കേണ്ട വിധം

- വിവരാവകാശ അപേക്ഷക്കുള്ളതും, രേഖകളുടെ പകർപ്പ് ലഭിക്കുന്നതിനായും താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും രീതിയിൽ ഫീ അടക്കാവുന്നതാണ്.

സർവ്വകലാശാലയുടെ പേ-ഇൻ സ്ലിപ്പ്, സർവ്വകലാശാല രജിസ്ട്രാറുടെ പേരിലെടുത്ത സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെറുതുരുത്തി ശാഖയിൽ മാറാവുന്ന ഡി.ഡി., ബാങ്കേഴ്സ് ചെക്ക്, പേ-ഓർഡർ എന്നിവയിൽ ഏതെങ്കിലും ഒന്ന്.

കോർട്ട് ഫീ സ്റ്റാമ്പ്, ട്രഷറി ചലാൻ എന്നിവ സ്വീകരിക്കുന്നതല്ല.

## ഫീ സംബന്ധിച്ച വിവരങ്ങൾ

- A 4 പേജിന്റെ ഒരു പകർപ്പിനു- 3 രൂപ
- കൂടുതൽ വലുപ്പമുള്ള പേജുകൾക്കു ചിലവായ യഥാർത്ഥ തുക ഈടാക്കുന്നതാണ്.
- വിവരങ്ങൾ CD-യിൽ ആവശ്യമെങ്കിൽ, CD ഒന്നിന് 75 രൂപ ഈടാക്കുന്നതാണ് .
- സാംപിൾസ്, മോഡൽസ്, പ്ലാൻ, മാപ്പുകൾ എന്നിവയ്ക്ക് ചിലവായ യഥാർത്ഥ തുക ഈടാക്കുന്നതാണ്.

- ഓഫീസിൽ വന്നു രേഖകൾ പരിശോധിക്കുന്നതിനായി ആദ്യത്തെ ഒരു മണിക്കൂറിനു ഫീ ഈടാക്കുന്നതല്ല. പിന്നീടുള്ള ഓരോ അര മണിക്കൂറിനും 10 രൂപ ഈടാക്കുന്നതാണ്
- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വ്യക്തികൾക്ക് 20 എണ്ണം വരെയുള്ള A4 പേജുകൾ സൗജന്യമായി ലഭിക്കാനുള്ള അർഹതയുണ്ട്.

ഏതെങ്കിലും അപേക്ഷകന് അപേക്ഷ എഴുതി സമർപ്പിക്കാൻ അറിയാത്തപക്ഷം, അദ്ദേഹത്തിന് അപേക്ഷ കേട്ട് എഴുതി തയ്യാറാക്കി നൽകുന്നതിന് ആവശ്യമായ സഹായങ്ങൾ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകുന്നതാണ്.

## ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- മുപ്പതു ദിവസത്തിനകം വിവരാവകാശ അപേക്ഷക്കുള്ള പ്രതികരണം ലഭിക്കാതിരിക്കുകയോ അല്ലെങ്കിൽ ലഭിച്ച വിവരങ്ങളിൽ അതൃപ്തി ഉണ്ടെങ്കിലോ ഒന്നാം അപ്പീൽ സമർപ്പിക്കാം. അപ്പീൽ സമർപ്പിക്കാൻ ഫീസ് ഒന്നും തന്നെയില്ല.
- മറുപടി ലഭിച്ചു മുപ്പതു ദിവസത്തിനകമോ, അല്ലെങ്കിൽ വിവരാവകാശ അപേക്ഷ സമർപ്പിച്ചു കഴിഞ്ഞുള്ള മുപ്പതു ദിവസത്തിനുള്ളിലോ ഒന്നാം അപ്പീൽ സമർപ്പിക്കാവുന്നതാണ്.
- ഒന്നാം അപ്പീൽ സമർപ്പിക്കേണ്ടത് ഒന്നാം അപ്പീൽ അതോറിറ്റിക്കാണ്. സർവ്വകലാശാലയിലെ അപ്പീൽ അധികാരിയുടെ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.
- അപ്പീൽ സമർപ്പിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന രേഖകൾ സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

. വിവരാവകാശ അപേക്ഷയുടെ പകർപ്പ്

. പബ്ലിക് അതോറിറ്റിയിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ്

. അപ്പീൽ കക്ഷിയുടെ പേര്, മേൽവിലാസം, ഒപ്പു ഉൾപ്പെടുന്ന വിശദമായ അപ്പീൽ അപേക്ഷ

## രണ്ടാം അപ്പീൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- ഒന്നാം അപ്പീലിനുള്ള മറുപടി 45 ദിവസം കഴിഞ്ഞും ലഭിക്കാതിരിക്കുകയോ ഒന്നാം അപ്പീലിലെ ഉത്തരവിൽ തൃപ്തനല്ലാതെ വരുകയോ ചെയ്താൽ അപേക്ഷകന് 90 ദിവസത്തിനുള്ളിൽ സംസ്ഥാന വിവരാവകാശ കമ്മീഷണർക്കു രണ്ടാം അപ്പീൽ സമർപ്പിക്കാവുന്നതാണ്. രണ്ടാം അപ്പീൽ അധികാരിയുടെ പൂർണ്ണമായ മേൽവിലാസം താഴെ നൽകിയിരിക്കുന്നു.

**രജിസ്ട്രാർ**

State Information Commission

Thiruvananthapuram, Kerala 695001

E-mail : sic.ker@nic.in